കേരള സർവകലാശാല

നം. പി.ആർ.229/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## വൈവ പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, സംസ്കൃതം സ്പെഷ്യൽ, എം.എസ്. ഡബ്ല്യൂ പരീക്ഷകളുടെ വൈവ താഴെ പറയുന്ന തീയതികളിൽ നടത്തുന്നതാണ്. 1) എം.എ സോഷ്യോളജി - ഒക്ടോബർ 30 മുതൽ 31 വരെ. 2) എം.എ ഇസ്ലാമിക് ഹിസ്റ്ററി - നവംബർ എട്ട്. 3) എം.എ സംസ്കൃതം സ്പെഷ്യൽ - നവംബർ ഏഴ് മുതൽ എട്ട് വരെ. 4) എം.എസ്.ഡബ്ല്യൂ - നവംബർ 13 മുതൽ 14 വരെ. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ബി.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഒക്ടോബർ 30 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് 2013 സ്കീം സപ്ലിമെന്ററി, 2004 സ്കീം-മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## എം.ബി.എ ഫലം

കേരള സർവകലാശാല സെക്കന്റ് സെമസ്റ്റർ എം.ബി.എ - ഫുൾടൈം, പാർട്ട് ടൈം റഗുലർ & സപ്ലിമെന്ററി (2009 & 2014 സ്കീം) ട്രാവൽ ആന്റ് ടൂറിസം (2014 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## കിഫ്ബി പ്രൊപ്പോസൽ ശില്പശാല

കേരള സർവകലാശാലയ്ക്ക് വേണ്ടിയുള്ള കിഫ്ബി പ്രൊപ്പോസൽ ശില്പശാല കാര്യവട്ടം അക്വാട്ടിക് ബയോളജി ഹാളിൽ നടന്നു. സിൻഡിക്കേറ്റ് അംഗം ശ്രീ. കെ.എച്ച് ബാബുജൻ അദ്ധ്യക്ഷം നിർവഹിച്ച ശിൽപശാലയിൽ രജിസ്ട്രാർ ഡോ.ആർ. ജയചന്ദ്രൻ സ്വാഗതം ആശംസിച്ചു. സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ, അദ്ധ്യാപകർ, അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുടെ പ്രതിനിധികൾ, ക്യാമ്പസ് അസോസിയേഷൻ, ഗവേഷണ പഠനവകുപ്പുകളിലെ യൂണിയൻ പ്രതിനിധികൾ എന്നിവർ ഉൾപ്പടെ 150-ഓളം പേർ പങ്കെടുത്ത ശില്പശാലയിൽ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ സംസ്ഥാന സർക്കാരിന് നൽകുന്ന പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തും. കാര്യവട്ടം ക്യാമ്പസിൽ ലോകോത്തര നിലവാരമുള്ള സർവകലാശാല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനെ കുറിച്ചും യോഗത്തിൽ ചർച്ച നടന്നു.

## എം.എസ്.ഡബ്ല്യൂ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ 2015-2017 അദ്ധ്യായന വർഷത്തിലെ എം.എസ്.ഡബ്ല്യൂ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഭരത് കുമാർ എം.ഐ (MSW 150514/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## യു.എൻ.ഡേ സെലിബ്രേഷൻസ് – 2017

കേരള സർവകലാശാല ലൈബ്രറി സംഘടിപ്പിക്കുന്ന യു.എൻ.ഡേ സെലിബ്രേഷൻസ് – 2017 സർവലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഒക്ടോബർ 24 ന് രാവിലെ 11.30 ന് ലൈബ്രറി ഹാളിൽ നടക്കുന്ന സമ്മേളനത്തിൽ യു.എൻ.ഡി.പി കൺസൽട്ടന്റും മുൻ യുനെസ്കോ ഫെല്ലോ യുമായ ഡോ. എസ്.ഫൈസി ഇന്ത്യയും യു.എൻ. സെക്യൂരിറ്റി കൗൺസിൽ റിഫോംസും എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തും. യു. എൻ.ഡേ യോട് അനുബന്ധിച്ച് യുണൈറ്റഡ് നേഷൻസിന്റേയും വേൾഡ് ബാങ്കിന്റേയും വിവിധ വിഭാഗങ്ങളിലെ പ്രസിദ്ധീകരണങ്ങളുടെ എക്സിബിഷൻ ഒക്ടോബർ 24 മുതൽ നവംബർ ഏഴ് വരെ ലൈബ്രറിയിൽ സംഘടിപ്പിച്ചിട്ടുണ്ട്. ലൈബ്രറിയിൽ അംഗങ്ങൾ അല്ലാത്തവർക്കും എക്സിബിഷൻ കാണാൻ അവസരമുണ്ട്.

## ഡിപ്ലോമ കോഴ്സ് ഇൻ റഷ്യൻ – അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ റഷ്യൻ പഠനവകുപ്പിൽ റഷ്യൻ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യതകൾ: കേരള സർവകലാശാല യിൽ റഷ്യൻ പഠന വകുപ്പ് നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സാ യിരിക്കണം അല്ലെങ്കിൽ റഷ്യൻ രണ്ടാം ഭാഷയായി പ്ലസ്ടു പാസ്സായിരിക്കണം അല്ലെങ്കിൽ കേരള സർവകലാശാല അംഗീകരിച്ച റഷ്യൻ ഭാഷയിലുള്ള തത്തുല്യ യോഗ്യത. പൂരിപ്പിച്ച അപേക്ഷകൾ പിഴയില്ലാതെ നവംബർ മൂന്ന് വരെയും (50 രൂപ പിഴയോടെ നവംബർ ഒൻപത് വരെയും 250 രൂപ പിഴ യോടെ നവംബർ 16 ) വൈകുന്നേരം നാല് മണിക്ക് മുൻപായി റഷ്യൻ വകു പ്പിന്റെ ഓഫീസിൽ ലഭിക്കേണ്ടതാണ്.

## ബി.കോം കൊമേഴ്സ്– ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി. ബി.സി.എസ്.എസ് മൂന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ്– ടാക്സ് പ്രൊസീ ജിയർ ആന്റ് പ്രാക്ടീസ് (2015 സ്കീം റഗുലർ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. സൂക്ഷ്മ പരിശോധ നയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും നവംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## ബി.എസ്.സി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ (കരി യർ റിലേറ്റഡ്) ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എ സ്.സി ബയോടെക്നോളജി (മൾട്ടിമേജർ) എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. സൂക്ഷ്മ പരിശോധ നയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും നവംബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## ബി.കോം ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരി യർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (2015 അഡ്മിഷൻ) റഗുലർ ഡിഗ്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

തിരുവനന്തപുരം.
23.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098